LIBRARY ARCHIVES Kerala Legislative Assembly

മലയോര ഹൈവേ അലൈൻമെന്റ്

250(3136) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ അലൈൻമെന്റിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് അനുമതി നൽകിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്ത് പ്രസ്തുത അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മലയോര ഹൈവേ അലൈൻമെന്റിന് 6-7-2009-ൽ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

അയിലം പാലം നിർമ്മാണം

251(3137) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും ഉദ്ഘാടനം എന്ന് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) അയിലം പാലം നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക ഇതുവരെ കരാറുകാർക്ക് നൽകിയിട്ടുണ്ട്; പാലം നിർമ്മാണം എന്നാണ് ആരംഭിച്ചത്;

(സി) നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അയിലം പാലത്തിന് 25.32 മീറ്റർ നീളത്തിൽ 32 സ്പാനുകളാണ് ഉള്ളത്. 3 സ്പാനുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അയിലം പാലം നിർമ്മാണത്തിന് സർക്കാർ ഉത്തരവ് നമ്പർ 1044/2009/പി.ഡബ്ല്യു.ഡി. തീയതി 14-7-2009 പ്രകാരം 540 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 34885268.47 രൂപ കരാറുകാർക്ക് ടി പാലത്തിന്റെ നിർമ്മാണത്തിലേക്കായി നൽകിയിട്ടുണ്ട്. 29-12-2010-ലാണ് പാലം നിർമ്മാണം ആരംഭിച്ചത്.

(സി) നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

മണ്ഡല ആസ്തിവികസന പദ്ധതി

252(3138) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ നാളിതു വരെയുള്ള പുരോഗതി വിശദമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കുവാനുണ്ടെന്നും സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ ;

(സി) സാങ്കേതിക അനുമതിയും ടെൻഡർ നടപടികളും സ്വീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിൻകീഴിൽ ഗവ. മുഹമ്മദൻസ് ബോയ്സ് എച്ച്.എസ്.എസ്., ഗവ. ഗേൾസ് എച്ച്.എസ്.എസ്. ആലപ്പുഴ, ഗവ. ഹൈസ്കൂൾ പറവൂർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിരത്തു വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഭരണാനുമതി ലഭിച്ചതിൽ സാങ്കേതികാനുമതി നൽകാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും സ്വീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly